"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം ഉമ്മന്നൂർ സെൻ്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എ. (മലയാളം) ശ്രീമതി ഷീബാ വിക്രമൻ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.33125/2024 ൻ്റെ 24.09.2024-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.9716/2025/GEDN തീയതി,തിരുവനന്തപുരം, 15-11-2025

---

പരാമർശം:-

1. കൊല്ലം ഉമ്മന്നൂർ സെൻ്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എ. (മലയാളം) ശ്രീമതി ഷീബാ വിക്രമൻ 31.08.2024 തീയതിയിലെ പുനഃപരിശോധനാ ഹർജി(Ext.P9).
2. ബഹു. കേരള ഹൈക്കോടതിയുടെ WP(C)No.33125/2024 ന്മേലുള്ള 24/09/2024 തീയതി വിധിന്യായം.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 12/11/2024 തീയതിയിലെ ഇ.റ്റി1/21638/2024/ഡി.ജി.ഇ നമ്പർ കത്ത്.
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28/11/2024 തീയതിയിലെ DDEKLM/4306/2024-B4 നമ്പർ കത്ത്.
5. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29/11/2024 തീയതിയിലെ DEOKTR/2522/2024-B6 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ഉമ്മന്നൂർ സെൻ്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എ (മലയാളം) ശ്രീമതി ഷീബാ വിക്രമൻ ഫയൽ ചെയ്ത WP(C)No.33125/2024-ന്മേൽ ബഹു. ഹൈക്കോടതി 24.09.2024 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാരിയെയും 5,6 എതിർകക്ഷികളെയും കേട്ടശേഷം EXT P9 (Revision Petition dated 31.08.2024) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിൻ്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 02.12.2024 തീയതിയിൽ ഗൂഗിൾ മീറ്റ്

മുഖാന്തരം കേൾക്കുകയുണ്ടായി.

2.ഹർജിക്കാരിയായ ശ്രീമതി ഷീബാ വിക്രമന്റെ അപേക്ഷ ഇപ്രകാരമാണ്:

കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട ഉമ്മന്നൂർ സെന്റ് ജോൺസ് വി.എച്ച്.എസ്.എസ്. കേരള വിദ്യാഭ്യാസ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പ്രവർത്തിച്ചുവരുന്ന സ്കൂളാണ്. പ്രസ്തുത സ്കൂളിലെ പ്രധാനാദ്ധ്യാപിക 31/05/2020-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ആയതിനാൽ 01/06/2020 മുതൽ പ്രധാനാദ്ധ്യാപക തസ്തികയിൽ ഒഴിവ് നിലവിൽ വന്നു. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 3-ലെ ചട്ടം 7(1), 7(4) പ്രകാരവും അദ്ധ്യായം 14എ-യിലെ ചട്ടം 44എ പ്രകാരവും ഹൈസ്കൂൾ പ്രധാനാദ്ധ്യാപക തസ്തികയിൽ ഒഴിവ് നിലവിൽ വരുമ്പോൾ സീനിയർമോസ്റ്റും ചട്ടപ്രകാരം അർഹതപ്പെട്ടതുമായ അദ്ധ്യാപകന് സ്ഥാനക്കയറ്റം നല്കേണ്ടത് മാനേജരുടെ ഉത്തരവാദിത്വവും ചുമതലയുമാണ്. അപ്രകാരം സ്ഥാനക്കയറ്റം നിഷേധിക്കുന്ന പക്ഷം ആയത് മാനേജരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ ക്രമക്കേടാണ് (serious irregularity on the part of the Manager) എന്നും ചട്ടങ്ങളിൽ അനുശാസിക്കുന്നുണ്ട്.

01/06/2020-ൽ ഈ സ്കൂളിലെ മുൻ പ്രധാനാദ്ധ്യാപിക സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് പ്രഥമാദ്ധ്യാപക തസ്തികയിൽ ഒഴിവ് നിലവിൽവന്നു. നിയമനാംഗീകാര തീയതിയുടെ അടിസ്ഥാനത്തിലാണ് അദ്ധ്യാപകരുടെ സീനിയോറിറ്റി നിശ്ചയിക്കപ്പെടേണ്ടത്. ആയതിനാൽ സർവ്വീസിൽ പ്രവേശിച്ച് നിയമനാംഗീകാരം ലഭിച്ച തീയതി മുതലുള്ള തുടർച്ചയായ സർവ്വീസിന്റെ അടിസ്ഥാനത്തിലാണ് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 37 പ്രകാരം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടത്. ആയതിനാൽ 01/06/2024-ലെ സീനിയോറിറ്റി ലിസ്റ്റ് 1/06/2020-ലും ഇതേ തരത്തിൽ തന്നെയാണ് നിലനിന്നിരുന്നത്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 1 ആയുള്ള ഹർജിക്കാരിയായ ശ്രീമതി ഷീബ വിക്രമൻ എം.എ.(മലയാളം), ബി.എഡ്.(മലയാളം) എന്നീ യോഗ്യതകൾ നേടിയിരുന്നുവെങ്കിലും ടെസ്റ്റ് യോഗ്യതകൾ നേടിയിരുന്നില്ല. ക്രമനമ്പർ 2 ആയി ഉൾക്കൊള്ളിച്ചിട്ടുള്ള 5-ാം എതിർകക്ഷിയായ ശ്രീമതി ഷിബി ഫിലിപ്പ് എം.എ.(ഇംഗ്ലീഷ്) ബി.എഡ്.(ഇംഗ്ലീഷ്) എന്നീ വിദ്യാഭ്യാസ യോഗ്യതകളും കൂടാതെ അക്കൗണ്ട് ടെസ്റ്റ് (ലോവർ), കേരള എഡ്യുക്കേഷൻ ആക്ട് & റൂൾസ് എന്നീ യോഗ്യതകളും നേടിയിരുന്ന അദ്ധ്യാപികയാണ്. ഒഴിവ് നിലവിൽ വന്ന 01/06/2020-ലും ഇതേ സ്ഥിതിയാണ് നിലവിലുണ്ടായിരുന്നത്. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 44എ പ്രകാരം 12 വർഷത്തെ ഗ്രാഡ്വേറ്റ് സർവ്വീസും വകുപ്പുതല ടെസ്റ്റ് യോഗ്യതകളും നേടിയ അദ്ധ്യാപകൻ/അദ്ധ്യാപികയ്ക്ക് സ്ഥാനക്കയറ്റം നൽകേണ്ടത് മാനേജരുടെ

ചുമതലയും ബാദ്ധ്യതയും ആയതിനാൽ ഇപ്രകാരം യോഗ്യത നേടിയ 5-ാം എതിർകക്ഷിയായ ശ്രീമതി ഷിബി ഫിലിപ്പിനെ പ്രധാനാദ്ധ്യാപികയായി മാനേജർ സ്ഥാനക്കയറ്റം നല്കി നിയമിക്കേണ്ടതായിരുന്നു. എന്നാൽ മാനേജർ ചട്ടങ്ങൾക്കനുസൃതമായ തന്റെ ചുമതല പാലിച്ചിരുന്നില്ല. 01/06/2020-ൽ പ്രഥമാദ്ധ്യാപക തസ്തികയിൽ ഒഴിവ് വരുമ്പോൾ സീനിയർ അദ്ധ്യാപിക ഹർജിക്കാരിയായ ശ്രീമതി ഷീബ വിക്രമൻ ആയിരുന്നുവെങ്കിലും ടിയാൾ ടെസ്റ്റ് യോഗ്യതകൾ നേടിയിരുന്നില്ല. ഈ സാഹചര്യത്തിൽ ടെസ്റ്റ് യോഗ്യതകൾ നേടിയ തൊട്ട് സീനിയറായ 5-ാം എതിർകക്ഷിയെ നിയമിക്കേണ്ട മാനേജരുടെ ഉത്തരവാദിത്വം നിറവേറ്റിയിരുന്നുമില്ല.

മാത്രവുമല്ല, പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹത നേടിയ 5-ാം എതിർകക്ഷി സ്ഥാനക്കയറ്റത്തിനുള്ള അവകാശം ഉന്നയിക്കുന്നതിന് വിമുഖതയും നിസ്സംഗതയും പുലർത്തുകയായിരുന്നു. പ്രധാനാദ്ധ്യാപികയുടെ ഭാരിച്ച ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിൽ നിന്നും ടിയാൾ ഒഴിഞ്ഞുമാറുകയായിരുന്നു. അക്കാരണത്താൽതന്നെ തന്റെ സ്ഥാനക്കയറ്റ അവകാശത്തിനെതിരെ ടിയാൾ മൗനം (self Acquiescence) അവലംബിക്കുകയായിരുന്നു. അത്യപൂർവമായ ഈ സാഹചര്യത്തിൽ പ്രധാനാദ്ധ്യാപികയുടെ പൂർണ ചുമതലയില്ലാതെ ടീച്ചർ-ഇൻ-ചാർജ്ജായി ടിയാൾ തുടരുന്ന അവസ്ഥയാണ് നിലവിലിരുന്നത്.

അപ്രകാരമായിരിക്കെ, എച്ച്.എസ്.എ.(ഇംഗ്ലീഷ്) തസ്തികയിൽ സേവനം അനുഷ്ഠിച്ചുവന്നിരുന്ന 5-ാം എതിർകക്ഷിയുടെ തസ്തിക 2022-23-ൽ ഡിവിഷൻ ഫാൾ മുഖേനെ ഇല്ലാതാവുകയും എന്നാൽ ടിയാൾക്ക് സംരക്ഷണത്തിന് അർഹതയുള്ളതിനാൽ സംരക്ഷിതാദ്ധ്യാപികയായി കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ 2022-23-ലെ തസ്തിക നിർണ്ണയ ഉത്തരവിലെ ശിപാർശ പ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ടിയാളെ 2022 ആഗസ്റ്റിൽ കടക്കൽ ഗവ: ഹൈസ്കൂളിലേക്ക് പുനർവിന്യസിക്കുകയും ചെയ്തു. 5-ാം എതിർകക്ഷി തനിക്ക് അർഹതപ്പെട്ട ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നേടിയിരുന്നുവെങ്കിൽ എച്ച്.എസ്.എ.(ഇംഗ്ലീഷ്) തസ്തിക നഷ്ടപ്പെട്ട് സംരക്ഷിതാവകാശിയായി മറ്റൊരു സ്കൂളിലേക്ക് പുനർവിന്യസിക്കപ്പെടുമായിരുന്നില്ല. ഇപ്രകാരം 5-ാം എതിർകക്ഷി കടയ്ക്കൽ ഗവ:ഹൈസ്കൂളിലേക്ക് പുനർവിന്യസിക്കപ്പെട്ടതിനെ തുടർന്ന് പ്രഥമാദ്ധ്യാപികയുടെ ചുമതല ഹർജിക്കാരിയായ ശ്രീമതി ഷീബ വിക്രമൻ വഹിക്കേണ്ടതായും വന്നിട്ടുള്ളതാണ്. ഇപ്രകാരം പ്രഥമാദ്ധ്യാപികയുടെ ചുമതല നൽകിക്കൊണ്ടുള്ള മനേജരുടെ നടപടിക്രമം 01/11/2022-ലെ ബി6/10707/2022/ഡി.ഇ.ഒ. നമ്പർ ഉത്തരവ് പ്രകാരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

2022 ആഗസ്റ്റ് മാസത്തിൽ കടയ്ക്കൽ ഗവ: ഹൈസ്കൂളിലേക്ക് 5-ാം എതിർകക്ഷിയെ സംരക്ഷിതാദ്ധ്യാപികയായി പുനർവിന്യസിച്ചിരുന്നു എങ്കിലും 1:40 അനുപാതത്തിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക പിന്നീട് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതേവർഷം അനുവദിച്ചതിനെ തുടർന്ന് ഏതാനും മാസങ്ങൾക്കുശേഷം ടിയാളെ മാതൃസ്കൂളിലെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ പുനർവിന്യസിച്ച് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ ശ്രീമതി ഷിബി ഫിലിപ്പ് മാതൃസ്കൂളിൽ പുനഃപ്രവേശിച്ചുവെങ്കിലും ഹർജിക്കാരിയായ ശ്രീമതി ഷീബ വിക്രമൻ പ്രധാനാദ്ധ്യാപക തസ്തികയുടെ ചുമതലയിൽ (teacher-in-charge) തന്നെ തുടർന്നുവരികയായിരുന്നു. ഹർജിക്കാരി 2022 ജനുവരി മാസത്തിൽ നടന്ന കേരളാ എഡ്യൂക്കേഷൻ ആക്ട് & റൂൾസ് പരീക്ഷ പാസ്സായിട്ടുള്ളതാണ് (24/09/2022-ലെ പ്രസ്തുത സർട്ടിഫിക്കറ്റ്). തുടർന്ന് 27/01/2024-ലെ സർട്ടിഫിക്കറ്റ് പ്രകാരം ടിയാൾ കേരളാ അക്കൗണ്ട് ടെസ്റ്റ് (ലോവർ) പരീക്ഷയും പാസ്സായിട്ടുള്ളതാണ്. ആയതിനാൽ 07/08/2000-ൽ എച്ച്.എസ്.എ. (മലയാളം) തസ്തികയിൽ നിയമനാംഗീകാരത്തോടെ സർവ്വീസിൽ പ്രവേശിച്ച് തുടർന്നുവരുന്ന ഹർജിക്കാരി 27/01/2024-ൽ പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനുള്ള 12 വർഷത്തിലധികം ഗ്രാഡ്വേറ്റ് അദ്ധ്യാപക സർവ്വീസും കൂടാതെ വകുപ്പുതല പരീക്ഷകളും പാസ്സായിട്ടുള്ള സീനിയർമോസ്റ്റ് അദ്ധ്യാപികയാണ്.

അതിനാൽ പ്രഥമാദ്ധ്യാപക തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ലാത്തതിനാലും തസ്തിക അപ്പോഴും ഒഴിഞ്ഞുകിടക്കുന്നതിനാലും ഹർജിക്കാരി പ്രധാനാദ്ധ്യാപികയുടെ ചുമതല വഹിച്ചുവരികയായിരുന്നു എന്നതിനാലും 27/01/2024 പ്രാബല്യത്തിൽ പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് സീനിയർമോസ്റ്റ് അദ്ധ്യാപിക എന്ന നിലയിൽ അവകാശം നേടിയ അദ്ധ്യാപികയാണ്. അപ്രകാരമായിരിക്കെ, 12/06/2024-ൽ മാനേജർ പ്രധാനാദ്ധ്യാപികയുടെ ചുമതലയിൽ നിന്നും ഹർജിക്കാരിയെ നീക്കം ചെയ്തുകൊണ്ടും ശ്രീമതി ഷിബി ഫിലിപ്പിനെ പ്രധാനാദ്ധ്യാപികയായി നിയമിക്കുന്നതായും ടിയാളെ അറിയിച്ചു.

5-ാം എതിർകക്ഷിയായ ശ്രീമതി ഷിബി ഫിലിപ്പ് ഒഴിവ് നിലവിൽ വന്ന 01/06/2020-ൽ പ്രഥമാദ്ധ്യാപക തസ്തികയിലേക്ക് നിയമിക്കുന്നതിന് അർഹത നേടിയിരുന്നുവെങ്കിലും ടിയാളെ മാനേജർ നിയമിക്കുകയോ റിലിംഗ്വിഷ്മെന്റ് പത്രിക ടിയാളിൽ നിന്നും മാനേജർ വാങ്ങുകയോ ചെയ്തിരുന്നില്ല. ശ്രീമതി ഷിബി ഫിലിപ്പ് പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനുള്ള അർഹത നേടിയ അദ്ധ്യാപികയാണെങ്കിലും പ്രഥമാദ്ധ്യാപികയുടെ ഭാരിച്ച ചുമതലകൾ നിറവേറ്റുന്നതിന് തയാറല്ലാത്തതിനാൽ പ്രൊമോഷനുള്ള അർഹത

ടിയാൾ സ്വയം പരിത്യജിക്കുകയായിരുന്നുവെന്നത് വസ്തുതാപരമാണ്. അതിനാൽ പ്രഥമാദ്ധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള അർഹത ടിയാൾ ഉപേക്ഷിക്കുകയും യാതൊരു എതിർപ്പുമില്ലാതെ മൗനാനുവാദത്തോടെ പരിത്യജിക്കുകയുമായിരുന്നുവെന്ന വസ്തുത നിഷേധിക്കാവുന്നതുമല്ല.

ഒരു വ്യക്തിയുടെ അർഹതപ്പെട്ട അവകാശം സ്ഥാപിച്ചെടുക്കാതെ സ്വയം പരിത്യജിക്കുകയും ഇതിനിടയിൽ മറ്റൊരാൾ അവകാശം ആർജ്ജിക്കുന്നതിനുള്ള സാദ്ധ്യത പരിഗണിക്കാതെ സ്വയം കാഴ്ചക്കാരനായി അവകാശം നഷ്ടപ്പെടുത്തുന്ന അവസ്ഥയാണ് നിയമപരമായി **self Acquiescence** എന്ന നിയമതത്വത്തിലൂടെ നിർവ്വചിക്കപ്പെടുന്നത്-

**"Failure to assert one's right in a timely manner can result in a claim being barred due to lapses".**

അതിനാൽ ഒരു വ്യക്തിയുടെ അവകാശം സമയോചിതമായി ഉപയോഗപ്പെടുത്താതെ വീഴ്ചവരുത്തുന്ന സാഹചര്യത്തിൽ കാലക്രമേണെ അവകാശം എന്നേക്കുമായി നഷ്ടപ്പെടുകയും മറ്റൊരാൾക്ക് അവകാശം ആർജ്ജിക്കാൻ ഇടയാക്കുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിൽ വന്നത്. **Acquiescence** എന്ന നിയമതത്വത്തിന് അംഗീകരിക്കപ്പെട്ട മറ്റൊരു നിർവചനം താഴെ ഉദ്ധരിക്കുന്നു-

**"In law acquiescence occurs when a person knowingly stand by, without raising any objection to, the infringement of their rights, while someone else eligible comes into picture".**

ആയതിനാൽ സ്വന്തം അവകാശം സ്ഥാപിച്ചെടുക്കാതെ നഷ്ടപ്പെടുന്ന തരത്തിൽ കാഴ്ചക്കാരനായി നോക്കി നിൽക്കുകയും മറ്റൊരാൾക്ക് അവകാശം കൈവരാൻ ഇടയാക്കുന്നതുമായ സാഹചര്യമാണ് **acquiescence** എന്ന നിയമപരമായ നിർവചനത്തിൽ ഉൾക്കൊള്ളുന്നത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ **Civil Appeal No. 6182-6183/2009** നമ്പറിലുള്ള **02/02/2024**-ലെ വിധിന്യായത്തിലെ **(Baini Prasad(D) Thr. LRs. Vs Durga Devi)** എന്ന വിധിന്യായത്തിലെ ഖണ്ഡിക- **13** ശ്രദ്ധ പ്രസക്തമാണ്.

അതിനാൽ പ്രധാനാദ്ധ്യാപക തസ്തികയിൽ ഒഴിവ് വരുമ്പോൾ സ്ഥാനക്കയറ്റത്തിന് അർഹതയും അവകാശവും നേടിയ **5**-ാം എതിർകക്ഷി പ്രസ്തുത തസ്തികയുടെ ഉത്തരവാദിത്തവും ബാദ്ധ്യതയും നിർവ്വഹിക്കാൻ വിമുഖത കാണിക്കുകയും തന്റെ സ്ഥാനക്കയറ്റത്തിനുള്ള അവകാശം സ്വമേധയാ പരിത്യജിക്കുകയും എന്നേക്കുമായി നഷ്ടപ്പെടുത്തുകയും ചെയ്ത

വസ്തുതാപരവും നിയമപരവുമായ സാഹചര്യത്തിൽ, ഹർജിക്കാരിയായ ശ്രീമതി ഷീബ വിക്രമൻ പ്രധാനാദ്ധ്യാപക തസ്തികയിൽ 27/01/2024-ൽ എല്ലാ യോഗ്യതകളും നേടിയ സീനിയർമോസ്റ്റ് അദ്ധ്യാപിക എന്ന നിലയിൽ തനിക്ക് നിയമനം നല്കുന്ന വിഷയത്തിൽ കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് 13/06/2024-ൽ ഹർജി സമർപ്പിച്ചു. ഇപ്രകാരം ഹർജി സമർപ്പിക്കുമ്പോൾ പ്രധാനാദ്ധ്യാപികയുടെ തസ്തിക ഒഴിഞ്ഞ് കിടക്കുകയായിരുന്നുവെന്നതും ശ്രദ്ധേയമാണ്.

പ്രസ്തുത ഹർജിയിന്മേൽ സമയപരിധിക്കുള്ളിൽ ഉത്തരവുണ്ടാകുന്നതിനായി ടിയാൾ ബഹു: കേരളാ ഹൈക്കോടതിയിൽ WP(C)No.22202/2024 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത റിട്ട് ഹർജിയിലെ 21/06/2024-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ ഹിയറിംഗ് വേളയിൽ ഹർജിക്കാരിയെയും 5-ാം എതിർകക്ഷിയായ ശ്രീമതി ഷിബി ഫിലിപ്പിനെയും കൂടാതെ മാനേജരെയും കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നേരിൽ കേൾക്കുകയും 22/08/2024-ലെ DEO KTR/1277/2024-B6 നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിൽ വസ്തുതകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ചുവെങ്കിലും പ്രധാനാദ്ധ്യാപക തസ്തികയിൽ ഒഴിവ് നിലവിൽ വരുമ്പോൾ (01/06/2020-ൽ) ഹർജിക്കാരി വകുപ്പുതല പരീക്ഷകൾ പാസ്സായിരുന്നില്ല എന്നും ടിയാൾ 50 വയസ്സ് പൂർത്തിയാക്കിയിട്ടില്ല എന്നുമുള്ള കാരണത്താലാണ് പ്രധാനാദ്ധ്യാപക തസ്തികയിലെ നിയമനം നിരസിച്ച് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവിൽ സ്കൂളിന് ന്യൂനപക്ഷ പദവി (മൈനോറിറ്റി റൈറ്റ്) ഉള്ളതാണെന്നും ആയതിനാൽ മാനേജർക്ക് സീനിയോറിറ്റി ബാധകമാക്കാതെ പ്രധാനാദ്ധ്യാപക തസ്തികയിൽ നിയമനം നടത്തുന്നതിന് അവകാശമുള്ളതായും പരാമർശിക്കുന്നുവെങ്കിലും ഒഴിവ് നിലവിൽ വന്ന തീയതിയിൽ ഹർജിക്കാരി പ്രധാനാദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനത്തിന് ചട്ടം 43 അവകാശിയായിട്ടില്ല എന്ന കാരണത്താലാണ് ഹർജി നിരസിച്ചതെന്നും കാണാവുന്നതാണ്. 27/01/2024-ൽ ഡിപ്പാർട്ടുമെൻ്റ് ടെസ്റ്റ് യോഗ്യതകൾ നേടിയ ഹർജിക്കാരി പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത നേടിയ തീയതിയിൽ പ്രധാനാദ്ധ്യാപക തസ്തികയുടെ ഒഴിവ് തുടർന്നുവരികയായിരുന്നുവെന്നും ഹർജിക്കാരി സീനിയർമോസ്റ്റ് അദ്ധ്യാപികയായിരുന്നുവെന്നതും ഇപ്രകാരമുള്ള അവസ്ഥയ്ക്കുള്ള കാരണം മാനേജരുടെ ഭാഗത്തുനിന്നുമുള്ള ചട്ടത്തിന് വിരുദ്ധമായ നടപടികളായിരുന്നുവെന്നതും പരിഗണിക്കപ്പെട്ടിട്ടില്ല.

01/06/2020-ൽ ഒഴിവ് നിലവിൽ വന്നപ്പോൾ മാനേജർ ചട്ടപ്രകാരം

സ്കൂളിന് മൈനോറിറ്റി പദവി ഉണ്ടെങ്കിൽപ്പോലും 5-ാം എതിർകക്ഷിയെ മാനേജർ പ്രഥമാദ്ധ്യാപികയായി നിയമിക്കുകയുണ്ടായിട്ടില്ല. 5-ാം എതിർകക്ഷി റിലിംഗ്വിഷ്മെന്റ് പത്രിക നല്കിയിട്ടുമില്ല. 2022-23-ൽ 5-ാം എതിർകക്ഷി എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തിക നഷ്ടപ്പെട്ട് പുറത്തുപോകുകയുമുണ്ടായി. ഈ കാലയളവിൽ ഹർജിക്കാരിയായ ശ്രീമതി ഷീബ വിക്രമൻ പ്രഥമാദ്ധ്യാപക തസ്തികയുടെ ചുമതല വഹിക്കുകയും ചെയ്തിരുന്നു. 5-ാം എതിർകക്ഷി മാതൃസ്കൂളിലേക്ക് പുനർവിന്യസിക്കപ്പെട്ടുവെങ്കിലും ഹർജിക്കാരി തന്നെയാണ് പ്രഥമാദ്ധ്യാപക ചുമതലയിൽ ടിച്ചർ-ഇൻ- ചാർജ്ജായി സേവനം അനുഷ്ഠിച്ചുവന്നത്. നിർണ്ണായകമായ ഈ വക കാര്യങ്ങളൊന്നുംതന്നെ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹർജിക്കാരിയുടെ അപേക്ഷ നിരസിക്കുമ്പോൾ പരിഗണിച്ചിരുന്നില്ല. മാനേജ്മെന്റിന് മൈനോറിറ്റി പദവി ഉണ്ടെങ്കിൽപ്പോലും പ്രഥമാദ്ധ്യാപക തസ്തിക ഒരു സ്കൂളിന്റെ മർമ്മപ്രധാനമായ തസ്തിക (pivotal post)യാണെന്നുള്ള കാര്യവും ഈ തസ്തിക ഒഴിച്ചിടാൻ പാടില്ല എന്നും അതിനാൽതന്നെ മൈനോറിറ്റി പദവി മാനേജർ ദുരുപയോഗപ്പെടുത്തുകയായിരുന്നുവെന്നതും പരിഗണിക്കപ്പെട്ടിട്ടില്ല. ഈ വസ്തുതകളെല്ലാം തന്നെ സവിസ്തരമായി വ്യക്തമാക്കിയാണ് ഹർജിക്കാരി 31/08/2024-ൽ സർക്കാർ മുമ്പാകെ പരിഗണനാവിഷയമായ എക്സിബിറ്റ് പി9 ഹർജി സമർപ്പിച്ചിട്ടുള്ളത്.

താഴെപ്പറയുന്ന കാരണങ്ങളാൽ 01/06/2020-ൽ നിലവിൽ വന്നതും മാനേജരുടെ ഭാഗത്തുനിന്നും 5-ാം എതിർകക്ഷിയുടെ ഭാഗത്തുനിന്നുമുണ്ടായ വിമുഖതയുടെയും അടിസ്ഥാനത്തിൽ ഒഴിഞ്ഞുകിടക്കുകയായിരുന്ന പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് ഹർജിക്കാരിയായ ശ്രീമതി ഷീബ വിക്രമൻ ഏറ്റവും സീനിയർ അദ്ധ്യാപിക എന്ന നിലയിൽ പ്രഥമാദ്ധ്യാപക തസ്തികയിലേക്ക് യോഗ്യത നേടിയ സാഹചര്യത്തിൽ ഒഴിഞ്ഞു കിടന്നിരുന്ന പ്രസ്തുത തസ്തികയിലേക്ക് ബഹു: സുപ്രീംകോടതിയുടെ നിർവ്വചനപ്രകാരമുള്ള self acquiescence എന്ന നിയമതത്വത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകേണ്ടത് കേരള വിദ്യാഭ്യാസചട്ടങ്ങളിലെ അദ്ധ്യായം 3 ചട്ടം 9(1), 2008 KHC 1014 ആയി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള Kurian Lissy & Others V. State of Kerala & Others വിധിന്യായത്തിലെ ഖണ്ഡിക 3,7,8 പ്രകാരം നിയമപരമായി പരിഗണിക്കേണ്ടതാണ്

അതിനാൽ ഒരു സ്കൂളിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിന്റെ ആണിക്കല്ലായ പ്രധാനാദ്ധ്യാപക തസ്തികയിൽ ഒഴിവ് നിലവിൽ വന്നപ്പോൾ യോഗ്യതയുള്ള അദ്ധ്യാപികയെ നിയമിച്ച് തസ്തിക നികത്താതെ സ്കൂളിന്റെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് തടസ്സങ്ങൾ സൃഷ്ടിച്ച മാനേജരുടെ ഭാഗത്തുനിന്നുള്ള

അധികാര ദുർവിനിയോഗം, സ്കൂളിന് മൈനോറിറ്റി പദവി ഉണ്ടെങ്കിൽപ്പോലും ആയത് ദുരുപയോഗപ്പെടുത്തുന്ന തരത്തിലാണ് മാനേജരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുള്ളത് എന്നത് പൂർണ്ണമായും വസ്തുതാപരമാണ്. അക്കാരണത്താൽതന്നെ മൈനോറിറ്റി പദവിയുടെ ദുരുപയോഗംകൂടിയാണ് മാനേജരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ആയതിനാൽ മൈനോരിറ്റി പദവി മാനേജർ ദുരുപയോഗപ്പെടുത്തിയ സാഹചര്യം കൂടി കണക്കിലെടുക്കുമ്പോൾ **27/01/2024**-ൽ എല്ലാ യോഗ്യതകളും നേടിയ സീനിയർമോസ്റ്റ് അദ്ധ്യാപികയായ ഹർജിക്കാരി ശ്രീമതി ഷീബ വിക്രമന് പ്രധാനാദ്ധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം, ടിയാൾ ഈ തസ്തികയുടെ അധിക ചുമതലകൂടി വഹിച്ചിരുന്ന സാഹചര്യത്തിലും **5**-ാം എതിർകക്ഷിയുടെ ഭാഗത്തുനിന്നും തസ്തികയുടെ ചുമതല വഹിക്കുന്നതിനുള്ള വിമുഖതകൂടി പരിഗണനയിലെടുക്കുമ്പോൾ, കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് നിയമാനുസൃതമല്ല.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണനയിലെടുത്ത് പ്രഥമാദ്ധ്യാപക തസ്തികയിലെ അവകാശം **self acquiescence** എന്ന നിയമതത്വപ്രകാരം എന്നേക്കുമായി **5**-ാം എതിർകക്ഷിയായ ശ്രീമതി ഷിബി ഫിലിപ്പ് സ്വയം നഷ്ടപ്പെടുത്തിയ സാഹചര്യത്തിലും മൈനോറിറ്റി പദവി മാനേജർ ദുരുപയോഗപ്പെടുത്തിയ സാഹചര്യത്തിലും നിയമാനുസ്യതമായി പരിഗണനയിലെടുത്ത് ഹർജിക്കാരിയായ ശ്രീമതി ഷീബ വിക്രമന് ടിയാൾ യോഗ്യത നേടിയ **27/01/2024** പ്രാബല്യത്തിൽ, ടിയാൾ പ്രഥമാദ്ധ്യാപക തസ്തികയുടെ ചുമതല വഹിച്ചിരുന്നുവെന്ന വസ്തുതകൂടി പരിഗണനയിലെടുത്ത് പ്രഥമാദ്ധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകണമെന്നും തദനുസൃതമായ നിർദ്ദേശം സ്കൂൾ മാനേജർക്കും കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നൽകി കോടതിവിധി നടപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.

മാനേജരുടെയും പ്രഥമാദ്ധ്യാപികയുടെയും സമാനമായ വാദങ്ങൾ ഇപ്രകാരമാണ് :

കൊല്ലം ജില്ലയിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽപെട്ട ഒരു എയ്ഡഡ് ഹൈസ്കൂളാണ് ഉമ്മന്നൂർ സെൻ്റ് ജോൺസ് ഹൈസ്കൂൾ. ഈ സ്ഥാപനം ഒരു ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനമായി ഇന്ത്യാ ഗവൺമെന്റ് സ്ഥാപിച്ചിട്ടുള്ള ന്യൂനപക്ഷ സ്ഥാപനങ്ങൾക്കായുള്ള ദേശീയ ന്യൂനപക്ഷ കമ്മീഷൻ പ്രഖ്യാപിച്ചിട്ടുള്ളതും **Minority Status Certificate** ലഭിച്ചിട്ടുള്ളതുമാണ്. ആകയാൽ ഇൻഡ്യൻ ഭരണഘടനയുടെ **Article 30(1)**-ൽ വിവക്ഷിച്ചിട്ടുള്ള പ്രത്യേക അധികാരങ്ങളും അവകാശങ്ങളും ഈ സ്ഥാപനത്തിന് സിദ്ധിച്ചിട്ടുള്ളതാണ്.

ഈ സ്കൂളിലെ പ്രഥമാധ്യാപികയായിരുന്ന ശ്രീമതി ലിസി വർഗ്ഗീസ് 31-05-2020-ന് സേവനത്തിൽനിന്നും വിരമിച്ചു. പ്രഥമാധ്യാപികയായി പ്രൊമോഷൻ ലഭിക്കാൻ യോഗ്യതയുണ്ടായിരുന്നത് 15-7-2003 മുതൽ HST ഇംഗ്ലീഷ് തസ്തികയിൽ തുടർച്ചയായി സേവനമനുഷ്ഠിച്ചു വന്ന ശ്രീമതി ഷിബി ഫിലിപ്പ് മാത്രമായിരുന്നു. കോവിഡ്-19 അതിരൂക്ഷമായ സാഹചര്യത്തിൽ വിദ്യാലയങ്ങൾ അടഞ്ഞു കിടന്നിരുന്ന സമയമായിരുന്നു. പ്രഥമാധ്യാപക തസ്തികകൾ ഉൾപ്പെടെയുള്ള തസ്തികകളിലേക്ക് നിയമനങ്ങൾ നടത്തുന്നതു സംബന്ധിച്ച് അനിശ്ചിതത്വം നിലനിന്നിരുന്നതിനാൽ പ്രഥമാധ്യാപികയായി പ്രൊമോഷന് അർഹതയുണ്ടായിരുന്ന ടിയാൾക്ക് സ്കൂളിന്റ ദൈനംദിന ചുമതലകൾ നിർവ്വഹിക്കുന്നതിനായി പ്രഥമാധ്യാപികയുടെ ചാർജ് നൽകുകയും ടി ചാർജ് ക്രമീകരണം കൊട്ടാരക്കര ഡി.ഇ.ഒ. അംഗീകരിക്കുകയും ചെയ്തു. ഇപ്രകാരം തുടരവേ 2022-23 വർഷം സ്കൂളിലെ ഇംഗ്ലീഷ് HST തസ്തിക നഷ്ടമാവുകയും ടിയാളെ സംരക്ഷിതാധ്യാപികയായി deploy ചെയ്ത് മറ്റൊരു സ്കൂളിൽ നിയമിച്ചു.

ശ്രീമതി ഷിബി ഫിലിപ്പ് deploy ചെയ്ത് പുറത്തുപോയ കാലത്തേയ്ക്ക് ശ്രീമതി ഷീബ വിക്രമനെ സ്കൂളിലെ ദൈനംദിന ചുമതലകൾ നിർവ്വഹിക്കുന്നതിന് ടിച്ചർ-ഇൻ-ചാർജ് ആയി നിയമിക്കുകയും ടി ചാർജ് ക്രമീകരണം കൊട്ടാരക്കര ഡി.ഇ.ഒ അംഗീകരിക്കുകയും ചെയ്തു. 2023-24 വർഷത്തെ തസ്തിക നിർണയത്തെ തുടർന്ന് ഇംഗ്ലീഷ് HST തസ്തിക സ്കൂളിലുണ്ടായി. അതിനാൽ ടിയാളെ മാതൃസ്കൂളിലേയ്ക്ക് തിരികെ വിളിച്ചു നിയമിച്ചു. തുടർന്ന് ടിയാളെ പ്രഥമാധ്യാപികയായി പ്രൊമോഷൻ നൽകി 6-6-24 മുതൽ നിയമിച്ചു. കെ.ഇ.ആർ. അധ്യായം XIV A ചട്ടം 44 A പ്രകാരം 12 വർഷം തുടർച്ചയായ ഗ്രാഡ്യൂവേറ്റ് സർവ്വീസും അക്കൗണ്ട് ടെസ്റ്റ് ലോവർ, കെ.ഇ.ആർ പരീക്ഷകൾ പാസ്സായിരിക്കേണ്ടത് പ്രഥമാധ്യാപക നിയമനത്തിന് അനിവാര്യ യോഗ്യതയാണ്. പ്രഥമാധ്യാപക തസ്തികയിൽ ഒഴിവു വന്നത് 01-06-2020 മുതലാണ്. അന്നേ ദിവസം ശ്രീമതി ഷിബി ഫിലിപ്പ് മാത്രമാണ് മേൽയോഗ്യത നേടിയിരുന്നത്.

ശ്രീമതി ഷീബ വിക്രമൻ 2-7-08 മുതൽ 1-7-2010 വരെ ശമ്പളരഹിത അവധിയിൽ ആയിരുന്നതിനാൽ തുടർച്ചയായ 12 വർഷ സേവനകാലം പ്രഥമാധ്യാപക തസ്തികയിൽ ഒഴിവുവരുന്ന സമയത്ത് ടിയാൾക്കില്ല, മാത്രമല്ല അക്കൗണ്ട് ടെസ്റ്റ്, കെ.ഇ.ആർ. യോഗ്യതകൾ നേടുന്നത് 2024 ജനുവരിയിൽ മാത്രമാണ്. ഇതിനിടയിൽ ശ്രീമതി ഷീബ വിക്രമൻ പ്രഥമാധ്യാപികയായി നിയമനം നൽകുന്നതിന് 15-6-24 തീയതിയിൽ ബഹു. പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് പരാതി നൽകുകയും അതേസമയംതന്നെ ബഹു. കേരള ഹൈക്കോടതിയിൽ WPC No. 22202/2024 ഫയൽ ചെയ്യുകയും അതിന്മേൽ 21-6-

24-ന് ഉണ്ടായ വിധിന്യായ പ്രകാരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ 29-7-24-ന് ഹിയറിംഗ് നടത്തുകയും ശ്രീമതി ഷിബി ഫിലിപ്പ്, ശ്രീമതി ഷീബ വിക്രമൻ, മാനേജർ എന്നിവരുടെയും വാദമുഖങ്ങൾ കേൾക്കുകയും ഉമ്മന്നൂർ St. Johns HS-ന് ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള വിദ്യാലയമായതിനാൽ യോഗ്യത നേടിയിട്ടുള്ളവരിൽ നിന്നും സീനിയോറിറ്റി പരിഗണിക്കാതെ പ്രഥമാധ്യാപക നിയമനം നടത്താൻ മാനേജർക്ക് പ്രത്യേക അധികാരമുണ്ടെന്ന് കണ്ടെത്തുകയും 22-8-24-ലെ B6/731515/2024 നമ്പർ നടപടി ഉത്തരവ് പ്രകാരം ശ്രീമതി ഷിബി ഫിലിപ്പ്-ന്റെ പ്രഥമാധ്യാപികയായിട്ടുള്ള നിയമനം 6-6-24 മുതൽ അംഗീകരിക്കുകയും ടിയാൾ ടി ചുമതല ഭംഗിയായി നിർവ്വഹിച്ചു വരികയും ചെയ്യുന്നു.

ഉമ്മന്നൂർ സെന്റ് ജോൺസ് HS-ലെ പ്രഥമാധ്യാപക തസ്തികയിൽ ശ്രീമതി ഷിബി ഫിലിപ്പിനെ 6-6-24 മുതൽ നിയമിച്ചിരിക്കുന്നതിന് ആധാരമാക്കിയിരിക്കുന്നത് രണ്ട് മാനദണ്ഡങ്ങളാണ്.

i. പ്രഥമാധ്യാപക തസ്തികയിൽ ഒഴിവ് വന്ന 01-06-2020-ൽ ശ്രീമതി ഷിബി ഫിലിപ്പിന് മാത്രമാണ് കെ.ഇ.ആർ അധ്യായം XIV A ചട്ടം 44 A പ്രകാരം യോഗ്യതയുണ്ടായിരുന്നത്. കെ.ഇ.ആർ അധ്യായം XIV A ചട്ടം 43-ന്റെ Note-ൽ Promotions will be made from person possessing the prescribed qualifications at the time of occurrence of vacancy എന്ന് വ്യക്തമാക്കിയിട്ടുണ്ട്.
ii. മൈനോറിറ്റി സ്റ്റാറ്റസ് ലഭിച്ചിട്ടുള്ള സ്കൂളിൽ ഇൻഡ്യൻ ഭരണഘടനയുടെ Article 30-ന്റെ പരിരക്ഷ ഉള്ളതിനാൽ പ്രഥമാധ്യാപക തസ്തികയിൽ സീനിയോറിറ്റി മാനദണ്ഡമാക്കാതെ തന്നെ നിയമനം നടത്താൻ മാനേജർക്ക് അധികാരമുണ്ട്. ബഹു. കേരള ഹൈക്കോടതി, ബഹു. സുപ്രീം കോടതി എന്നിവിടങ്ങളിൽ നിന്നുള്ള അനേകം വിധിന്യായങ്ങൾ ഈ അവകാശത്തെ സ്ഥാപിക്കുന്നതായി ഉണ്ടായിട്ടുണ്ട്. ശ്രീമതി ഷിബി ഫിലിപ്പ് ന്യൂനപക്ഷ സമുദായാംഗവും ശ്രീമതി ഷിബി വിക്രമൻ ഇതര സമുദായാംഗവുമാണ്. ആയതിനാൽ ടിയാൾ ഉന്നയിച്ചിരിക്കുന്നതുപോലെ Comparative Assessment മാനേജർ നടത്തിയിട്ടില്ലായെന്ന വാദത്തിന് അടിസ്ഥാനമില്ല. ന്യൂനപക്ഷ സമുദായത്തിൽപെട്ട യോഗ്യരായ ഒന്നിലധികം പേർ ഉണ്ടാകുമ്പോഴാണ് Comparative Assessment നടത്തണമെന്ന് Kurian Lizy Vs Kerala State കേസിൽ ബഹു. സുപ്രീംകോടതി പരാമർശിച്ചിട്ടുള്ളത് (ILR 2006) ശ്രീമതി ഷീബാ വിക്രമൻ ഫയൽ ചെയ്തിട്ടുള്ള WPC 33125/2024-ന്റെ പകർപ്പും 24-9-24 -ലെ ബഹു. കോടതി വിധിന്യായത്തിൽ പരാമർശിച്ചിരിക്കുന്ന Ext P9 revision petition-ൻ്റെ പകർപ്പും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അതിലെ

ഉള്ളടക്കത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ സമർപ്പിക്കാൻ കഴിയുന്നില്ലായെന്ന വിവരം അറിയിക്കുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി ഷീബാ വിക്രമൻ സമർപ്പിച്ചിട്ടുള്ള **Ext P9** പരിഗണനാർഹമല്ലായെന്ന് ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

4.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :

ഉമ്മന്നൂർ സെൻറ് ജോൺസ് വി.എച്ച്.എസ്.എസ്.ലെ പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി ലിസി വർഗീസ് **31/05/2020**-ന് സേവനത്തിൽ നിന്ന് വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിൽ മാനേജർ ശ്രീമതി ഷിബി ഫിലിപ്പിനെ **6.6.24** മുതൽ പ്രഥമാദ്ധ്യാപികയായി നിയമിച്ചു. **01/06/2020**-ലാണ് പ്രഥമാദ്ധ്യാപക തസ്തികയിലെ ഒഴിവ് നിലവിൽ വന്നത്. കെ.ഇ.ആർ. അദ്ധ്യായം **XIV** എ ചട്ടം **43** കുറിപ്പ് **(2)** പ്രകാരം ഒഴിവ് സംജാതമാകുന്ന തീയതിയിൽ യോഗ്യതയുള്ളവർക്കാണ് സ്ഥാനക്കയറ്റം നൽകേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ശ്രീമതി ഷീബാ വിക്രമൻ **27/01/2024**-ലാണ് വകുപ്പുതല പരീക്ഷ പാസായത്. ടിയാളുടെ ജനനത്തീയതി **03/03/1975** ആയതിനാൽ **01/06/2024**-ന് **50** വയസ് പൂർത്തീകരിച്ചിട്ടില്ല. അതിനാൽ പ്രഥമാദ്ധ്യാപക തസ്തികയിലെ നിയമനത്തിന് **01/06/2020**-ൽ കെ.ഇ.ആർ. അദ്ധ്യായം **XIV** എ ചട്ടം **44**എ പ്രകാരമുള്ള യോഗ്യതകൾ ആർജ്ജിച്ചിട്ടില്ല.

ഉമ്മന്നൂർ സെൻറ് ജോൺസ് വി.എച്ച്.എസ്.എസ്.ന് മൈനോരിറ്റി പദവി ഉള്ളതിനാൽ ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ **30(1)**-ൽ വിവക്ഷിക്കുന്ന തരത്തിൽ മൈനോരിറ്റി സ്റ്റാറ്റസ് ലഭിച്ചിട്ടുള്ളതിനാൽ യോഗ്യത ഉള്ളവരിൽ നിന്ന് നിയമനം നടത്തുന്നതിന് മാനേജർക്ക് പ്രത്യേകാവകാശം നേടിയിട്ടുണ്ട്. ശ്രീമതി ഷിബി ഫിലിപ്പ് **1.6.2020**-ൽ തന്നെ കെ.ഇ.ആർ. അദ്ധ്യായം **XIV** എ ചട്ടം **44**എ പ്രകാരമുള്ള യോഗ്യതകൾ നേടിയിട്ടുണ്ട്. മേൽസാഹചര്യത്തിലാണ് ശ്രീമതി ഷിബി ഫിലിപ്പിന്റെ **6.6.24** മുതലുള്ള പ്രഥമാദ്ധ്യാപിക തസ്തികയിലെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിട്ടുള്ളതെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെയും **5,6** എതിർകക്ഷികളുടെയും വാദങ്ങൾ, സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

ഹർജിക്കാരി പ്രഥമാദ്ധ്യാപികയാകാനുള്ള യോഗ്യത നേടിയ തീയതിയായ **27.01.2024** പ്രാബല്യത്തിൽ പ്രഥമാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട

വസ്തുതകൾ ഇപ്രകാരമാണ് :

i. ടി സ്കൂളിലെ പ്രഥമാധ്യാപിക 31.05.2020-ൽ വിരമിച്ചതിനെ തുടർന്ന് 01.06.2020 മുതൽ ഒഴിവ് നിലവിൽ വന്നു.

ii. 01.06.2024-ലെ സീനിയോറിറ്റി ലിസ്റ്റിലെ അതേരീതിയിൽ തന്നെയാണ് 01.06.2020-ലെ സീനിയോറിറ്റി ലിസ്റ്റ് നിലനിന്നിരുന്നതെന്നും, ടി സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 1 ആയുള്ള ഹർജിക്കാരി എം.എ.(മലയാളം), B.Ed. (Malayalam) എന്നിവ നേടിയിരുന്നെങ്കിലും ടെസ്റ്റ് യോഗ്യത നേടിയിരുന്നില്ലെന്നും ഹർജിക്കാരി അറിയിക്കുന്നു.

iii. ക്രമനമ്പർ 2 ആയി നിലനിൽക്കുന്ന അഞ്ചാം എതിർകക്ഷിയായ ശ്രീമതി ഷിബി ഫിലിപ്പ് എം.എ.(ഇംഗ്ലീഷ്) B.Ed.(English) യോഗ്യതകളും അക്കൗണ്ട് ടെസ്റ്റ് (ലോവർ), KER Act & Rules യോഗ്യതകളും നേടിയിട്ടുണ്ടെന്നും, എന്നാൽ മാനേജർ ടിയാളെ ഹെഡ് മിസ്ട്രസ് ആയി നിയമിച്ചില്ലെന്നും ഹർജിക്കാരി അറിയിക്കുന്നു.

iv. 2022-23 വർഷം ഡിവിഷൻ ഫാൾ മുഖേന എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന അഞ്ചാം എതിർകക്ഷി തസ്തികനഷ്ടംമൂലം പുറത്താവുകയും സംരക്ഷിത അധ്യാപികയായി 2022 ആഗസ്റ്റിൽ കടയ്ക്കൽ ഗവൺമെൻറ് ഹൈസ്കൂളിൽ പുനർവിന്യസിക്കുകയും ചെയ്തിരുന്നുവെന്ന് ഹർജിക്കാരി അറിയിക്കുന്നു.

v. അഞ്ചാം എതിർകക്ഷിക്ക് എച്ച്.എം. ആയി സ്ഥാനക്കയറ്റം നൽകിയിരുന്നുവെങ്കിൽ സംരക്ഷിത അധ്യാപികയായി പോകേണ്ടി വരുമായിരുന്നില്ലെന്നും ടിയാളെ പുനർവിന്യസിച്ചതിനെ തുടർന്ന് ഹർജിക്കാരിക്ക് പ്രഥമാധ്യാപികയുടെ ചുമതല നൽകുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തുവെന്നും ഹർജിക്കാരി അറിയിക്കുന്നു.

vi. മാതൃസ്കൂളിൽ 1:40 അനുപാതത്തിൽ എച്ച്.എസ്.എ.(ഇംഗ്ലീഷ്) തസ്തിക അനുവദിച്ചതിനെ തുടർന്ന് അഞ്ചാം എതിർകക്ഷി ശ്രീമതി ഷിബി ഫിലിപ്പ് തിരിച്ചെത്തിയെങ്കിലും ഹർജിക്കാരി തന്നെ പ്രഥമാധ്യാപികയുടെ ചുമതലയിൽ തുടരുകയായിരുന്നുവെന്നും ഹർജിക്കാരി അറിയിക്കുന്നു.

vii. ഹർജിക്കാരി 2022 ജനുവരിയിൽ കെ.ഇ.ആർ.ഉം 2024 ജനുവരിയിൽ അക്കൗണ്ട് ടെസ്റ്റ് ലോവറും പാസായിട്ടുണ്ട്. (കെ.ഇ.ആർ. സർട്ടിഫിക്കറ്റിന്റെ ഡേറ്റ് 24.09.2022 ആണ്). അതിനാൽതന്നെ ഹർജിക്കാരി 27.01.2024-ൽ എച്ച്.എം. പ്രൊമോഷന് ആവശ്യമായ 12 വർഷത്തിലധികം ഗ്രാഡ്വേറ്റ് സർവീസും വകുപ്പുതല പരീക്ഷകളും ആർജിച്ചിട്ടുള്ള സീനിയർ മോസ്റ്റ്

അധ്യാപികയാണെന്ന് ഹർജിക്കാരി വാദിക്കുന്നു.

**viii.** ശ്രീമതി ഷിബി ഫിലിപ്പ് സ്കൂളിൽ തിരികെ എത്തിയതോടെ ഹർജിക്കാരിയെ **12.06.2024** തീയതിയിൽ എച്ച്.എം.ന്റെ ചുമതലയിൽ നിന്നും നീക്കുകയും ശ്രീമതി ഷിബി ഫിലിപ്പിനെ എച്ച്.എം. ആയി നിയമിക്കുകയും ചെയ്തു.

**ix.** ശ്രീമതി ഷിബി ഫിലിപ്പിന് ഒഴിവ് നിലവിൽ വന്ന **01.06.2020**-ൽ എച്ച്.എം. ആയി നിയമിക്കപ്പെടാനുള്ള അർഹത ഉണ്ടായിരുന്നുവെങ്കിലും മാനേജർ ടിയാളെ നിയമിക്കുകയോ ടിയാളിൽ നിന്നും റിലിംഗ്വിഷ്മെന്റ് പത്രിക വാങ്ങുകയോ ചെയ്തിട്ടില്ലെന്ന് ഹർജിക്കാരി അറിയിക്കുന്നു.

**x.** എച്ച്.എം. തസ്തികയിൽ **27.01.2024**-ൽ എല്ലാ യോഗ്യതകളും നേടിയ സീനിയർ മോസ്റ്റ് അധ്യാപിക എന്ന നിലയിൽ നിയമനം നൽകണമെന്നാവശ്യപ്പെട്ട് **13.06.2024**-ൽ ശ്രീമതി ഷീബ വിക്രമൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുകയും തുടർന്ന് **WP(C)No.22202/2024** ഫയൽ ചെയ്യുകയും ചെയ്തു. ടി കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബന്ധപ്പെട്ട കക്ഷികളെ കേൾക്കുകയും, എച്ച്.എം. തസ്തികയിലെ ഒഴിവ് **01.06.2020**-ൽ നിലവിൽ വരുമ്പോൾ ശ്രീമതി ഷീബ വിക്രമൻ വകുപ്പുതല പരീക്ഷകൾ പാസായിട്ടില്ലാത്തതിനാലും **50** വയസ്സ് പൂർത്തിയായിട്ടില്ലാത്തതിനാലും ടിയാളുടെ ആവശ്യം നിരസിച്ചു. സ്കൂളിന് ന്യൂനപക്ഷ പദവി ഉള്ളതിനാൽ മാനേജർക്ക് സീനിയോറിറ്റി ബാധകമാക്കാതെ പ്രധാനാധ്യാപികയെ നിയമിക്കാമെങ്കിലും ഒഴിവ് നിലവിൽ വന്ന തീയതിയിൽ ശ്രീമതി ഷീബ വിക്രമൻ എച്ച്.എം. നിയമനത്തിന് ചട്ടം **43** അവകാശിയായിട്ടില്ലെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവിൽ പറയുന്നു.

**xi.** സ്കൂളിന്റെ മൈനോറിറ്റി പദവി ദുരുപയോഗം ചെയ്തിട്ടുണ്ടെന്നും ശ്രീമതി ഷിബി ഫിലിപ്പ് റിലിംഗ്വിഷ്മെന്റ് പത്രിക സമർപ്പിച്ചിട്ടില്ലെന്നും ഹർജിക്കാരി അറിയിക്കുന്നുണ്ട്. എന്നിരുന്നാലും ശ്രീമതി ഷീബ വിക്രമൻ എച്ച്.എം.ന്റെ ചുമതല വഹിച്ചിരുന്നത് കണക്കിലെടുത്ത്, ടിയാൾ യോഗ്യത നേടിയ **27.01.2024** തീയതി മുതൽ അംഗീകാരം നൽകണമെന്ന് ഹർജിക്കാരി വാദിക്കുന്നു.

**xii.** ടി സ്കൂളിൽ **31.05.2020**-ൽ വിരമിക്കൽ ഒഴിവിൽ എച്ച്.എം. ആയി പ്രമോഷൻ ലഭിക്കുവാൻ **15.07.2023** മുതൽ എച്ച്.എസ്.ടി. ഇംഗ്ലീഷ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി ഷിബി ഫിലിപ്പിന് പൂർണ്ണ യോഗ്യത ഉണ്ടായിരുന്നുവെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ ടിയാൾക്ക് ടീച്ചർ-ഇൻ-ചാർജ് നൽകുകയും അംഗീകാരം ലഭിക്കുകയും ചെയ്തുവെന്നും, **2022-23** വർഷം എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തികനഷ്ടം വന്നതിനെ തുടർന്ന് ടിയാളെ സംരക്ഷിത അധ്യാപികയായി ഡിപ്ലോയ് ചെയ്തുവെന്നും തുടർന്ന്, ശ്രീമതി

ഷീബ വിക്രമനെ ടീച്ചർ-ഇൻ-ചാർജ് ആയി നിയമിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തുവെന്നും, 2023-24-ലെ തസ്തിക നിർണയത്തിൽ എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തിക ലഭ്യമായതിനാൽ ശ്രീമതി ഷിബി ഫിലിപ്പിനെ തിരികെ വിളിക്കുകയും 06.06.2024-ൽ എച്ച്.എം. ആയി നിയമിക്കുകയും ചെയ്തുവെന്നും, 01.06.2020-ൽ എച്ച്.എം.ന്റെ ഒഴിവ് വന്ന വേളയിൽ ശ്രീമതി ഷിബി ഫിലിപ്പിന് മാത്രമാണ് യോഗ്യത ഉണ്ടായിരുന്നതെന്നും മാനേജരും ശ്രീമതി ഷിബിയും വാദിക്കുന്നു.

xiii. ശ്രീമതി ഷീബ വിക്രമൻ 02.07.2008 മുതൽ 01.07.2010 വരെ LWA ആയിരുന്നതിനാൽ ടിയാൾക്ക് തുടർച്ചയായ 12 വർഷ സേവനകാലം എച്ച്.എം. ഒഴിവ് ഉണ്ടായ സമയത്ത് ഇല്ലായിരുന്നുവെന്നും, ടിയാൾ KER അക്കൗണ്ട് ടെസ്റ്റ് യോഗ്യതകൾ നേടുന്നത് 2024-ൽ ആണെന്നും, ശ്രീമതി ഷീബ വിക്രമൻ ഫയൽ ചെയ്ത WP(C)No.22202/2024-ന്റെ 21.06.2024-ലെ വിധിന്യായ പ്രകാരം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ ഹിയറിംഗിൽ, മാനേജർക്ക് മൈനോറിറ്റി സ്റ്റാറ്റസ് ഉപയോഗിച്ച് സീനിയോറിറ്റി നോക്കാതെ നിയമനം നടത്താമെന്ന് കണ്ടതിനാൽ ശ്രീമതി ഷീബയുടെ ആവശ്യം നിരസിക്കുകയും ശ്രീമതി ഷിബിയുടെ 06.06.2024 മുതലുള്ള എച്ച്.എം. നിയമനം അംഗീകരിക്കുകയും ചെയ്തുവെന്നും മാനേജരും ശ്രീമതി ഷിബിയും വാദിക്കുന്നു.

xiv. ടി സ്കൂളിൽ എച്ച്.എം. തസ്തികയിൽ ഒഴിവ് വന്ന തീയതിയായ 01.06.2020-ൽ ശ്രീമതി ഷീബാ വിക്രമൻ വകുപ്പുതല യോഗ്യത നേടിയിരുന്നില്ലെന്നും, ടിയാൾ യോഗ്യത നേടുന്നത് 27.01.2024 ലാണെന്നും, ടിയാളുടെ ജനനത്തീയതി 03.03.1975 ആയതിനാൽ 01.06.2024-ന് 50 വയസ്സ് പൂർത്തിയാകുന്നില്ലെന്നും, ടിയാൾ 01.06.2020-ൽ KER അധ്യായം XIVഎ ചട്ടം 44എ പ്രകാരമുള്ള യോഗ്യത നേടിയിട്ടില്ലെന്നും, 01.06.2020-ൽ ശ്രീമതി ഷിബി ഫിലിപ്പിന് എച്ച്.എം. ആകാനുള്ള പൂർണയോഗ്യത ഉണ്ടായിരുന്നുവെന്നും, ടി സ്കൂളിന് ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 30 (1) പ്രകാരം മൈനോറിറ്റി സ്റ്റാറ്റസ് ഉള്ളതിനാൽ യോഗ്യതയുള്ളവരിൽ നിന്നും നിയമനം നടത്തുന്നതിന് മാനേജർക്ക് അവകാശമുണ്ടെന്നും, ഈ സാഹചര്യത്തിലാണ്, 01.06.2020 മുതൽതന്നെ കെ.ഇ.ആർ. അധ്യായം XIV A ചട്ടം 44A പ്രകാരമുള്ള യോഗ്യതകൾ നേടിയിട്ടുള്ള ശ്രീമതി ഷിബി ഫിലിപ്പിന്റെ 06.06.2024 മുതലുള്ള എച്ച്.എം. നിയമനത്തിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടുള്ളതെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

പ്രഥമാധ്യാപക തസ്തികയിൽ ഒഴിവ് വന്ന 01.06.2020 തീയതിയിൽ പൂർണയോഗ്യത നേടിയിരുന്നത് ശ്രീമതി ഷിബി ഫിലിപ്പ് ആണെന്നും, കോവിഡ് പശ്ചാത്തലത്തിലാണ് ടിയാൾക്ക് എച്ച്.എം. പ്രൊമോഷൻ നൽകാതെ

ടീച്ചർ-ഇൻ-ചാർജ് നൽകുകയും എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തികനഷ്ടത്തെ തുടർന്ന് പുനർവിന്യസിക്കപ്പെടുകയും ഹർജിക്കാരിയായ ശ്രീമതി ഷീബാ വിക്രമനെ ടീച്ചർ-ഇൻ-ചാർജായി നിയമിക്കുകയും ചെയ്തതെന്നും, സ്കൂളിന് മൈനോറിറ്റി സ്റ്റാറ്റസ് ഉള്ളതിനാൽ മാനേജർക്ക് യോഗ്യരായവരെ നിയമിക്കുന്നതിനുള്ള അവകാശമുള്ളതിനാലാണ് പൂർണയോഗ്യതയുള്ള ശ്രീമതി ഷിബി ഫിലിപ്പിനെ **06.06.2024** മുതൽ എച്ച്.എം. ആയി നിയമിച്ചതെന്നും ടി നിയമനത്തിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടുള്ളത് ക്രമപ്രകാരമാണെന്നും കാണുന്നു. എന്നാൽ, ഒഴിവ് വന്ന **01.06.2020** തീയതിയിൽ ശ്രീമതി ഷിബി ഫിലിപ്പ് പൂർണയോഗ്യത നേടിയിരുന്നെങ്കിലും ടിയാൾക്ക് പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റ നിയമനം നൽകിയത് **06.06.2024**-ൽ മാത്രമാണ്.

മേൽ സാഹചര്യത്തിൽ ഉമ്മന്നൂർ സെൻറ് ജോൺസ് വിഎച്ച്എസ്എസ് - ന് മൈനോറിറ്റി പദവി ഉള്ളതിനാലും ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ **30(1)** - ൽ വിവക്ഷിക്കുന്ന തരത്തിൽ മൈനോറിറ്റി സ്റ്റാറ്റസ് ലഭിച്ചിട്ടുള്ളതിനാലും യോഗ്യത ഉള്ളവരിൽ നിന്ന് നിയമനം നടത്തുന്നതിന് മാനേജർ പ്രത്യേകവകാശം നേടിയിട്ടുള്ളതിനാലും ശ്രീമതി.ഷിബി ഫിലിപ്പ് **1.6.2020** ൽ തന്നെ കെ.ഇ.ആർ അദ്ധ്യായം **XIV** എ ചട്ടം **44** എ പ്രകാരമുള്ള യോഗ്യതകൾ നേടിയിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി ഷിബി ഫിലിപ്പിന് **06.06.2024** മുതൽ പ്രധാനാധ്യാപികയായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ **22.08.2024** തീയതിയിലെ **B6/731515/2024** ഉത്തരവ് പ്രകാരം നൽകിയ സ്ഥാനക്കയറ്റ നിയമനം ക്രമപ്രകാരമാണെന്ന നിർദ്ദേശം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി **EXT P9** റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം കൊല്ലം ഉമ്മന്നൂർ സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എ. (മലയാളം) ശ്രീമതി ഷീബാ വിക്രമൻ ഫയൽ ചെയ്ത **WP(C)No.33125/2024**-ന്മേൽ ബഹു. ഹൈക്കോടതി **24.09.2024** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ഉമ്മന്നൂർ,കൊല്ലം

ശ്രീമതി ഷീബാ വിക്രമൻ, എച്ച്.എസ്.എ. (മലയാളം),സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ഉമ്മന്നൂർ,കൊല്ലം

ശ്രീമതി ഷിബി ഫിലിപ്പ് ,എച്ച്.എസ്.എ. (ഇംഗ്ലീഷ്),സെന്റ് ജോൺസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ഉമ്മന്നൂർ,കൊല്ലം

പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ്(**GE-JA3/184/2025-G.EDN dated : 13/10/2025)**

വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 15-11-2025 16:52:58

സെക്ഷൻ ഓഫീസർ